"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - ശ്രീ.സോണി തോമസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II - ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1775/2026/H&FWD തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-
1. ശ്രീ.സോണി തോമസ് 07.02.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.10.2022 തീയതിയിലെ MR6/22165/2022/DHS നം. കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.03.2024 തീയതിയിലെ MR6/410450/2023/DHS നം. കത്ത്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.07.2025 തീയതിയിലെ MR6/18395/2025/DHS(1) നം. കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ, എറണാകുളം തിരുമാറാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയ ശ്രീ. സോണി തോമസിന്റെ പിതാവിന് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മിഷൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് 13.11.2021 മുതൽ 29.11.2021 വരെ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശ കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ചികിത്സയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധ രേഖകളും പരിശോധിച്ച് ചെലവായ തുകയിൽ ₹66,958/- രൂപ (അറുപത്തി ആറായിരത്തി തൊള്ളായിരത്തി അൻപത്തിയെട്ട് രൂപ മാത്രം) ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ, എറണാകുളം തിരുമാറാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത്

ഇൻസ്പെക്ടർ ഗ്രേഡ്-II ശ്രീ. സോണി തോമസിന്റെ പിതാവിന്റെ ചികിത്സയ്ക്ക് കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മിഷൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ ₹66,958/- രൂപയുടെ 80 ശതമാനമായ ₹53,566/- രൂപ (അൻപത്തി മൂവായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

ശ്രീ.സോണി തോമസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, കുടുംബാരോഗ്യ കേന്ദ്രം, തിരുമാറാടി, എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (അസൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, തിരുമാറാടി, എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് (C2/289/2022-HEALTH)

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 23-05-2026 14:03:39

സെക്ഷൻ ഓഫീസർ